**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് പദ്ധതി നടപ്പാക്കിയത് എന്നു മുതലാണ്; മെഡിസെപ് പ്രീമിയം തുകയായി എത്ര തുക വീതമാണ് ജീവനക്കാരും സർവ്വീസ് പെൻഷൻകാരും നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | **01.07.2022 ൽ നിലവിൽ വന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് മെഡിസെപ്. മെഡിസെപ് പദ്ധതിയ്ക്കായി 545769 ജീവനക്കാരും 589738 പെൻഷാകാരും ഉൾപ്പെടെ 1135738 ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 500/- രൂപ നിരക്കിൽ ഒരു വർഷം ആകെ 681,44,28,000/- രൂപയാണ് (18% GST ഉൾപ്പെടെ) പ്രീമിയം ഇനത്തിൽ പിടിച്ച് വരുന്നത്.** |
| (ബി) | ഒരു വർഷം ഇത്തരത്തിൽ എത്ര തുകയാണ് മെഡിസെപ് പദ്ധതിക്കായി സർക്കാർ ശമ്പളം/ പെൻഷനിൽ നിന്ന് പിടിക്കുന്നത്; നിലവിൽ ഏത് കമ്പനിയാണ് മെഡിസെപ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി വരുന്നത്; സർക്കാർ എത്ര തുകയാണ് ഓരോ വർഷവും ഈ ഇൻഷുറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ നൽകി വരുന്നത്; | (ബി) | **നിലവിൽ മെഡിസെപ്പിന്റെ പ്രതിവർഷ പ്രീമിയം ജി.എസ്.ടി. ഉൾപ്പെടെ 5664/- രൂപയിൽ പ്രാഥമിക ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണ് കമ്പനിക്ക തുക നൽകുന്നത്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരെ ചേർക്കുമ്പോഴും സ്വാഭാവിക അവകാശികൾ ഇല്ലാത മരണമടയുന്നവരെ ഒഴിവാക്കുമ്പോഴും എണ്ണത്തിലും തുടർന്ന് പ്രീമിയം തുകയിലും വ്യത്യാസം വരാറുണ്ട്. മെഡിസെപ് പദ്ധതിയ്ക്കായി 545769 ജീവനക്കാരും 589738 പെൻഷൻകാരും ഉൾപ്പെടെ 1135738 ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 500/- രൂപ നിരക്കിൽ ഒരു വർഷം ആകെ 681,44,28,000/- രൂപയാണ് (GST ഉൾപ്പെടെ) പ്രീമിയം ഇനത്തിൽ പിടിച്ച് വരുന്നത്. ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (OICL) ആണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ആയതിന്റെ പ്രതിമാസ പ്രീമിയം 472/- രൂപ നിരക്കിൽ ഒരു വർഷം 643,28,20,032/- രൂപ ഇൻഷുറൻസ് കമ്പനിക്ക് നൽകുകയും ബാക്കി 28/- രൂപ പ്രതിമാസ നിരക്കിൽ ഒരു വർഷം** |

| | | | |
|---|---|---|---|
| | | | **38,16,07,968/- രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റി വയ്ക്കുകയും 08.09.2023 ലെ സ.ഉ.(ആർ.റ്റി)നം. 6416/2023/ധന -യിലെ കോർപ്പസ് ഫണ്ട് ഉപയോഗവുമായി ബന്ധപ്പെട്ട SOP(Standard Operating Procedure)-യിൽ നിർദ്ദേശിച്ചിട്ടുള്ളത് അനുസരിച്ച് ഫണ്ട് കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു .** |
| (സി) | ഏതൊക്കെ ചികിത്സകൾക്കാണ് മെഡിസെപ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് മെഡിസെപ് ചികിത്സാ സൗകര്യം ലഭിക്കുന്നത്;വിശദമാക്കാമോ; | (സി) | മെഡിസെപ് പദ്ധതിയിലൂടെ 1920 ചികിത്സ/ സർജിക്കൽ പ്രക്രിയകൾക്കും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കുമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നത്. ഇത് സംബന്ധിച്ച വിശദമായ വിവരം G.O.(P)70/2022/Fin dated 23/06/2022 സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. പദ്ധതിയിൽ നിലവിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികളുടെ ലിസ്റ്റും ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളും മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്. |
| (ഡി) | സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലെയും ചില പ്രധാനപ്പെട്ട ചികിത്സാ വിഭാഗങ്ങളെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിച്ച് ഒരേ ആശുപത്രിയിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും മെഡിസെപ് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന എല്ലാ സ്വകാര്യ ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനിയും ആശുപത്രി അധികൃതരുമായി വിവിധ അവലോകനയോഗങ്ങളിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാവിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | മെഡിസെപ് പദ്ധതിയിൽ അംഗമായ ചില സ്വകാര്യ ആശുപത്രികൾ ഗുണഭോക്താക്കൾക്ക് മെഡിസെപ് ആനുകൂല്യം നിഷേധിക്കുന്ന നിലപാട് സ്വീകരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ? | (ഇ) | ഉണ്ട്. **പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏഴ് ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ Standard Operating Procedure പുറപ്പെടുവിച്ച് പദ്ധതിയിൽ നിന്നും 23.12.2023 ലെ HI-3/145/2023-Fin നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻറ് ചെയ്തിട്ടുണ്ട്.** മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ടി ഏഴ് ആശുപത്രികളുടെ ലിസ്റ്റിൽ ആലുവ രാജഗിരി ആശുപത്രി ഉൾപ്പെടുകയും ശേഷം പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും പ്രസ്തുത വിവരം മെഡിസെപ് വെബ്സൈറ്റിൽ സ്ക്രോൾ വിവരമായി നൽകുകയും ചെയ്തിട്ടുണ്ട്. ആശുപത്രികൾ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചതായി കാണുകയാണെങ്കിൽ ഡീഎംപാനൽമെന്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ